ടി.കെ ഇബ്‌റാഹീം ടൊറണ്ടോ

# സൗഹൃദ സംരംഭങ്ങൾക്ക് സ്വാഗതം

**മുസ്‌ലിം** കേരളത്തിൽനിന്ന് അടുത്തകാലത്ത് കേട്ട ശുഭസൂചകവും ആശാവഹവും പ്രോത്സാഹനജനകവുമായ ഒരു വാർത്തയാണ് മുജാഹിദ് പുനഃസംയോജനത്തെക്കുറിച്ച റിപ്പോർട്ടുകൾ. സങ്കുചിത വിഭാഗീയ ചിന്തകൾക്ക് സമയമോ താൽപര്യമോ ഇല്ലാത്ത, പ്രതികൂല സാഹചര്യങ്ങളിലും സമുദായത്തിന്റെ നല്ല നാളെ ഉറ്റുനോക്കുന്ന യുവതലമുറക്ക് പ്രതീക്ഷയും ശുഭാപ്തിയും പകരുന്നു ഈ വാർത്ത. നിസ്സാര പ്രശ്നങ്ങളിൽ അനാവശ്യമായി ചെലവഴിക്കുന്ന ബുദ്ധിയും നാവും പേനയും ഉത്തമ സമുദായത്തിന്റെ യഥാർഥ ഉത്തരവാദിത്വത്തിന്റെ സാക്ഷാത്കാരത്തിലേക്കും ഉന്നത ഇസ്‌ലാമിക മാനങ്ങളിലേക്കും തിരിച്ചുവിടാൻ ഈ കാൽവെപ്പ് സഹായകമാകട്ടെ.

ഈ സന്ദർഭത്തിൽ സമുദായത്തിന്റെ പൊതുനന്മക്ക് ചില അടിയന്തര നടപടികൾ പ്രസക്തമായി തോന്നുന്നു. പ്രഥമവും പ്രധാനവുമായി എല്ലാ മുസ്‌ലിം സംഘടനകളും സമൂഹമധ്യേയുള്ള വിഴുപ്പലക്കൽ പാടേ നിർത്തണം. ഐക്യ ശ്രമത്തിന്റെ ഭാഗമായി വ്യക്തിപരമായ അധിക്ഷേപങ്ങൾ ഒഴിവാക്കുമെന്നുള്ള മുജാഹിദ് നേതാക്കളുടെ തീരുമാനം പ്രോത്സാഹനജനകമായ തുടക്കമാണ്. മറ്റെല്ലാ സംഘടനകളും പരസ്പരം ഇതേ നയം സ്വീകരിക്കണം. എങ്കിൽ അനാവശ്യമായി വിനഷ്ടമാവുന്ന ഒരുപാട് ശക്തിയും വിഭവവും നിർമാണപരമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാം. സമുദായത്തിന്റെ ഇമേജ് ക്രമേണയെങ്കിലും വീണ്ടെടുക്കുകയും ചെയ്യാം. ഭിന്നാഭിപ്രായമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ ഇസ്‌ലാമികമായി പാലിക്കേണ്ട പരസ്പര ബഹുമാനം, പ്രതിപക്ഷ മര്യാദ, പക്ഷരാഹിത്യം, വസ്തുനിഷ്ഠത (objectivity), വിശാല മനസ്കത തുടങ്ങി മഹാന്മാരായ ഇമാമുമാർ കാണിച്ചുതന്ന മാതൃകാരീതികൾ, ഒരളവോളമെങ്കിലും നമ്മുടെ പണ്ഡിതന്മാരിലും നേതാക്കളിലും കണ്ടെത്താൻ യുവസമൂഹത്തിന് സാധിക്കുമാറാകണം. ഐക്യശ്രമങ്ങളുടെ വിജയം അതിനെ ആശ്രയിച്ചിരിക്കുന്നു.

മുജാഹിദ് വിഭാഗങ്ങൾ തമ്മിൽ മാത്രമല്ല ജമാഅത്തും മുജാഹിദും തമ്മിലും സൗഹൃദ ശ്രമങ്ങൾ തുടങ്ങണം, തുടരണം. *പ്രബോധന*ത്തിന്റെ കവർ പേജിൽ 'കാതിബിന്റെ കത്തും മുജാഹിദ്-ജമാഅത്ത് ഭിന്നതയും' എന്ന തലക്കെട്ട് '...... മുജാഹിദ്-ജമാഅത്ത് സൗഹൃദ സാധ്യതയും' എന്നായിരുന്നെങ്കിൽ എന്നാശിച്ചുപോയി. സമുദായത്തിന്റെ പരിഷ്കരണം (ഇസ്‌ലാഹ്) എന്ന ബിന്ദുവിൽ ഇരു സംഘടനകളും സന്ധിക്കുന്നു എന്ന അടിസ്ഥാനത്തിൽ സൗഹൃദ സംരംഭങ്ങൾക്ക് ധാരാളം സാധ്യതകളുണ്ട്. പ്രയോഗതലത്തിൽ ഇരു സംഘടനകളുടെയും ലക്ഷ്യങ്ങൾ തമ്മിൽ ധ്രുവാന്തരമില്ലല്ലോ. കേരളത്തിലെ ആദ്യത്തെ സംഘടിത ഇസ്‌ലാഹീ സംരംഭമെന്ന നിലക്ക് സഹകരണ പ്രക്രിയക്ക് മുൻകൈയെടുക്കാനുള്ള അർഹതയും ബാധ്യതയും മുജാഹിദ് പ്രസ്ഥാനത്തിനുണ്ട്. വേൾഡ് അസംബ്ലി ഓഫ് മുസ്‌ലിം യൂത്തി(വമി)ന്റെ ഈയിടെ നടന്ന കയ്റോ സമ്മേളനത്തിൽ വെച്ച് കണ്ടപ്പോൾ മാന്യ സുഹൃത്ത് ഡോ. ഹുസൈൻ മടവൂരുമായി ഇത്തരം പ്രശ്നങ്ങൾ ഈ ലേഖകൻ ചർച്ചചെയ്യുകയുണ്ടായി. സാവധാനമെങ്കിലും സഹകരണ സംരംഭങ്ങൾക്ക് അദ്ദേഹം മുൻകൈയെടുക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കുന്നു.

മുൻധാരണകൾ മുഴുവനും മാറ്റിവെച്ച്, സൗഹൃദാന്തരീക്ഷത്തിൽ കൂടിയിരുന്ന് വിഷയങ്ങൾ വസ്തുതാപരമായി ചർച്ചചെയ്യാനും വ്യക്തിപരമായ അധിക്ഷേപപരാമർശങ്ങൾ നിശ്ശേഷം ഒഴിവാക്കാനും സംഘടനാ നേതാക്കൾ സന്നദ്ധരാവണം. അതിന് സഹായകമായ ഒരു ചാർട്ടർ തയാറാക്കണം. അക്കാര്യത്തിൽ മുജാഹിദോ ജമാഅത്തോ ഇഖ്‌വാനിയോ അല്ലാത്ത നിഷ്പക്ഷമതിയായ ഒരു പ്രമുഖ പണ്ഡിതന്റെ സഹായം തേടാം. സംഘടനകളുടെ ഒരു സംയുക്ത യോഗത്തിലേക്ക് അദ്ദേഹത്തെ വിളിക്കാം. ഇത്തരം ഒരുപാട് ശ്രമങ്ങൾ മുമ്പ് നടന്നുവെന്നത് പുതിയ സംരംഭങ്ങൾക്ക് തടസ്സമാവരുത്. പല നാടുകളിലും ഇത്തരം ശ്രമങ്ങൾ നല്ല ഫലങ്ങളുണ്ടാക്കിയിട്ടുണ്ട്. ആരോപണ പ്രത്യാരോപണങ്ങളിലും തർക്കവിതർക്കങ്ങളിലും നിസ്സാര പ്രശ്നങ്ങളിലും ദയനീയമാംവിധം വിനഷ്ടമാവുന്ന സമുദായത്തിന്റെ മൊത്തം കഴിവുകൾ നിർമാണപരമായ മാർഗങ്ങളിലേക്ക് തിരിച്ചുവിടുകയാണ് ലക്ഷ്യം. അത് സാധിക്കാവുന്ന ഏത് സ്ട്രാറ്റജിയും സ്വീകരിക്കാം. സഹകരണ സംരംഭം കേവലം താൽക്കാലികമോ ഭാഗികമോ ആയ ലക്ഷ്യങ്ങളിലേക്ക് വഴുതിപ്പോവാതിരിക്കാനും ശ്രദ്ധിക്കണം.

ഭിന്നിപ്പിലും പിളർപ്പിലും കിടമത്സരത്തിലും രസവും ആവേശവും ഉപജീവനവും കണ്ടെത്തുന്ന അനുയായികളെ കടിഞ്ഞാണിടാൻ, അത്തരക്കാരെ അടക്കി നിർത്താൻ ഓരോ സംഘടനയുടെയും നേതൃത്വത്തിന് കഴിയണം. മറ്റു സംഘടനകളോടുള്ള എതിർപ്പിനെ ആസ്പദിച്ചാണ് ഒരു സംഘടന നിലകൊള്ളുന്നതെങ്കിൽ– ചിലരുടെ രീതികൾ കണ്ടാൽ അങ്ങനെ തോന്നും– ആ സംഘടനക്ക് സ്വന്തം അസ്തിത്വത്തിൽ ആത്മവിശ്വാസമില്ലെന്നാണർഥം. മറ്റാരെയും വ്യക്തിപരമായും പക്ഷം പിടിച്ചും എതിർക്കാതെ നിലനിൽക്കാൻ ഓരോ സംഘടനക്കും കഴിയണം. അതിലാണ് ആ സംഘടനയുടെ ബലം, അതിന്റെ സാക്ഷാൽ അസ്തിത്വം. വ്യതിരിക്തമായ അത്തരം സംഘടനകൾ തമ്മിൽ സദുദ്ദേശ്യപൂർണവും നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ ആശയസംവാദങ്ങൾ നടക്കട്ടെ. അത് സമുദായത്തിന്റെ ആരോഗ്യത്തെയും പക്വതയെയുമാണ് തെളിയിക്കുക. ഇന്നത്തെ അവസ്ഥയാകട്ടെ സമുദായത്തെ ആമൂലം ഗ്രസിച്ച രോഗാതുരതയെയും ചാപല്യത്തെയുമാണ് വിളിച്ചോതുന്നത്. ഇതിന് കാര്യമായ മാറ്റം വരണം. സമുദായത്തിന് മൊത്തത്തിലെന്നപോലെ ഓരോ സംഘടനക്കും അപ്പടി ബാധകമാണിത്.

ശൈഖ് അബ്ദുസ്സമദ് അൽ കാതിബിന്റെ കത്തിലെ മഹാമനസ്കതയും വിശാല വീക്ഷണവും പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ പിതാവ് ശൈഖ് മുഹമ്മദുൽ കാതിബിന്റെ ഉസ്താദും സലഫീ പ്രസ്ഥാനത്തിന്റെ ഉന്നതനായ പണ്ഡിതനും നേതാവും സുഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്(റ) ജമാഅത്തിന്റെയും ഇഖ്‌വാന്റെയും നേതാക്കളെ സ്നേഹാദരപൂർവം സ്വാഗതം ചെയ്തിരുന്നു. ഈ ലേഖകൻ പലപ്പോഴുമതിന് ദൃക്സാക്ഷിയായിട്ടുണ്ട്. മദീനാ യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന കാലത്ത് ഇഖ്‌വാൻ ദൂരെ മലയോരങ്ങളിൽ സംഘടിപ്പിച്ച ക്യാമ്പുകളിൽ അദ്ദേഹം പങ്കെടുത്തിരുന്നു. അതൊന്നും

അദ്ദേഹത്തിന്റെ വ്യതിരിക്തമായ സലഫീ വ്യക്തിത്വത്തെ അശേഷം ബാധിച്ചില്ല. മഹാ മനസ്കതയുടെ മഹോന്നത മാതൃക. അത്തരം മാതൃകകൾ എന്തുകൊണ്ട് കേരളത്തിൽ പകർത്തിക്കൂടാ? ചോദ്യം ഒരു പ്രത്യേക സംഘടനയോടല്ല, എല്ലാ സംഘടനകളോടുമാണ്.

കഴിഞ്ഞതൊക്കെ മറക്കാനും പൊറുക്കാനും പുതിയ അധ്യായം തുറക്കാനും എല്ലാ സംഘടനകളും തയാറാവണം. കഴിഞ്ഞതിലൊക്കെ പൂർണ നിരപരാധിത്വം അവകാശപ്പെടാൻ അർഹതയുള്ള ഒരു സംഘടനയുമില്ല. എല്ലാ പക്ഷത്തുനിന്നുമുണ്ടായിട്ടുണ്ട് പാളിച്ചകളും അപമര്യാദകളും അവകാശലംഘനങ്ങളും. ഒരേയൊരു മാർഗമേയുള്ളൂ- അല്ലാഹുവിലേക്ക് മടങ്ങുക. وَتُوبُوٓاْ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ (എല്ലാവരും ഒന്നുചേർന്ന് അല്ലാഹുവിലേക്ക് മടങ്ങുവിൻ, സത്യവിശ്വാസികളേ) എന്ന, താക്കീതിന്റെ ധ്വനി മുഴങ്ങുന്ന ദൈവികാഹ്വാനം മുഴുവൻ നേതൃനിരകളെയും പിടിച്ചുകുലുക്കട്ടെ. 'അല്ല കൂട്ടരേ നമുക്കെല്ലാം ഒരുനാൾ മരിക്കണ്ടേ' എന്ന ലയനചർച്ചകളെ ആഴത്തിൽ സ്വാധീനിച്ച ആ ചോദ്യത്തോടൊപ്പം 'നാളെ അല്ലാഹുവിന്റെ കോടതിയിൽ എന്തുത്തരം പറയും? അനുയായികൾ പിടികൂടുമ്പോൾ എങ്ങോടും' എന്നുകൂടി ഉള്ളിൽതട്ടി ചോദിച്ച്, മുസ്‌ലിം കേരളത്തിന്റെ ഭാസുര ഭാവിയിൽ പ്രതീക്ഷയർപ്പിച്ച് രണ്ടും കൽപിച്ചുള്ള ധീരമായ ഒരു മാറ്റത്തോടെ വീറോടെ മുന്നേറാൻ നേതൃത്വങ്ങൾ തയാറാവട്ടെ. എങ്കിൽ അനുയായികളും വിശിഷ്യാ ഭാവിവാഗ്ദാനമായ മുസ്‌ലിം യുവതയും അവരോടൊപ്പമുണ്ടാവും. ■